# O.S.S.A.E.
## വേദപഠന സർട്ടിഫിക്കേറ്റ് പരീക്ഷ 2015

Class X | Time 3 hrs | Marks 100

26-12-2015, 10 a.m. to 1 p.m.

### Part A

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക (1–10)** 10

1. അപ്പോക്കലിപ്സ് എന്ന ഗ്രീക്ക് പദത്തിന് അർത്ഥമായി വരാത്ത വാക്ക്?
(a. മറ നീക്കൽ, b. പ്രബോധനം, c. അനാഛാദനം, d. വെളിപാട്)

2. പ്രോത്സാഹനത്തിന്റെ ലേഖനം
(a. 1 പത്രോസ്, b. 2 പത്രോസ്, c. 1 യോഹന്നാൻ, d. 2 യോഹന്നാൻ.)

3. പരിശുദ്ധ പരുമല തിരുമേനി മെത്രാപ്പോലീത്ത ആയി ആദ്യം ചുമതലയേറ്റെടുത്ത ഭദ്രാസനം?
a. തുമ്പമൺ, b. നിരണം, c. കൊല്ലം, d. ബാഹ്യകേരളം.

4. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിലെ ഭാഗമല്ലാത്തത്?
a. അപ്പത്തിന്റെ വിഭജനം, b. അപ്പവീഞ്ഞുകൾ ഉയർത്തി ആഘോഷം, c. മുറിച്ച അപ്പത്തെ കാസായിലുള്ള തിരുരക്തംകൊണ്ട് മുദ്രയിടൽ. d. തിരുശരീരം തിരുരക്തത്തിലും തിരുരക്തം തിരുശരീരത്തിലും കലർത്തുന്ന രംഗം.

5. മലങ്കര മെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കാസ്ഥാനവും ആദ്യമായി ഒരുമിച്ചു വഹിച്ച ആൾ?
a. പരി. ബസേലിയോസ് മാർതോമാ മാത്യൂസ് പ്രഥമൻ ബാവാ, b. പരി. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ, c. പരി. വട്ടശ്ശേരിൽ തിരുമേനി, d. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത.

6. 'ആത്മ തപനത്തിന്റെ ദിനം' എന്നറിയപ്പെടുന്നത്?
a. പുരീം, b. യോംകിപ്പൂർ, c. ഹന്തക്ക, d. പെസഹ.

7. ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച സഭ?
a. ലൂഥറൻ സഭ, b. ഈശോ സഭ, c. ഓറിയന്റൽ സഭ, d. പ്രൊട്ടസ്റ്റന്റ് സഭ.

8. താഴെപ്പറയുന്നവയിൽ 'അകാനോനിക' പെരുന്നാളുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്?
a. പ്രതിഷ്ഠാപ്പെരുന്നാൾ, b. കൂടാരപ്പെരുന്നാൾ, c. പെന്തിക്കോസ്തിപ്പെരുന്നാൾ, d. പെസഹാ പെരുന്നാൾ.

9. പൗലോസിന്റെ ലേഖനങ്ങൾ ആദ്യം എഴുതപ്പെട്ട ഭാഷ?
a. ഹീബ്രു, b. ലാറ്റിൻ, c. ഗ്രീക്ക്, d. അരാമ്യ.

10. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ചരിത്രത്തിൽ 1915-ന്റെ പ്രാധാന്യം?
a. കാതോലിക്കേറ്റ് സ്ഥാപനം, b. പഴയസെമിനാരി സ്ഥാപനം, c. റോയൽകോടതി വിധി, d. മുളന്തുരുത്തി സുന്നഹദോസ്.

**പേരെഴുതുക (11–15)** 5

11. യേശുക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേരുന്നതിനുള്ള കൂദാശ?
12. സന്ന്യാസിപ്രസ്ഥാനത്തിന്റെ പിതാവ്?
13. മലങ്കരസഭയുടെ നവോത്ഥാനശില്പിയായി ആദരിക്കപ്പെടുന്ന ബാവ ആര്?
14. വി. വേദപുസ്തകത്തിലെ ആദ്യത്തെ അപ്പോക്കലിപ്റ്റിക്കൻ കൃതി?
15. 'മലങ്കര സഭാപിതാക്കന്മാർ' എന്ന കൃതി എഴുതിയതാര്?

**പൂരിപ്പിക്കുക (16–20)** 5

16. കേരളത്തിലെ സുറിയാനി സഭയെ റോമിന്റെ ആധിപത്യത്തിൽ കൊണ്ടുവരുന്നതിന് നടത്തിയ ആദ്യശ്രമമാണ് .......................... സുന്നഹദോസ്.
17. യഹൂദന്മാരുടെ പെരുന്നാളുകളിൽ ഒടുവിലത്തെ പെരുന്നാളാണ് ..........................
18. പൂർണമായ ഒരു കൗമ, ..............................യോടെയാണ് ആരംഭിക്കുന്നത്.
19. മനുഷ്യഹൃദയത്തിന്റെ അഗാധതയിൽനിന്ന്, ഓരോരുവനും ആയിരിക്കുന്ന അവസ്ഥയെപ്രതി ദൈവത്തോടുണ്ടാകുന്ന പ്രതികരണമാണ് ..............................
20. വേദപുസ്തകത്തിലെ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട പുസ്തകങ്ങളുടെ പട്ടികയാണ് .......................

**ചേരുംപടി ചേർക്കുക (21–25)** 5

| | A | B |
|---|---|---|
| 21. | കാതോലിക്കേറ്റ് | ബർന്നബാസ് |
| 22. | ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ | അബ്ദേദ് മശിഹാ |
| 23. | പൗലോസ് മാർ ഗ്രിഗോറിയോസ് | യോഹന്നാൻ ശ്ലീഹാ |
| 24. | വെളിപാട് | ഹെയ്‌ലിസെലാസി ചക്രവർത്തി |
| 25. | പൗലോസ് | സഹദേന്മാരുടെ ചരിത്രം |

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക (26–30)** 5

26. യോഹന്നാന് സ്വർഗ്ഗീയ ദർശനം ഉണ്ടായ സ്ഥലം?
27. ഹസ്മോന്യർ വഹിച്ചിരുന്ന പദവികൾ?
28. പൗലോസ് ശ്ലീഹായുടെ കത്തുകളെ എത്രയായി തിരിക്കാം? ഏതെല്ലാം?
29. ക്രിസ്തീയ പൗരോഹിത്യസ്ഥാനികൾ ആരെല്ലാം?
30. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിനുശേഷമുള്ള എത്രാമത്തെ കാതോലിക്കയാണ് ഇപ്പോൾ പരിശുദ്ധ സഭയെ നയിക്കുന്നത്? അദ്ദേഹത്തിന്റെ പേരെന്ത്?

**ശരിയോ തെറ്റോ എന്നെഴുതുക (31–35)** 5

31. ജ്ഞാനമതത്തിന്റെ ഒരു വകഭേദമാണ് ഡോസറ്റിസം.
32. കൗൺസലിങ് മാനസിക രോഗികൾക്കുള്ളതാണ്.
33. കാതോലിക്ക എന്ന സ്ഥാനപ്പേര് മലങ്കരയിൽ സ്വീകരിക്കപ്പെട്ടത് കാതോലിക്കാസിംഹാസന സ്ഥാപനത്തോടെയാണ്.
34. നാം നേടുന്ന സമ്പാദ്യം സ്വന്തം ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കുന്നത് ക്രിസ്തീയ കാര്യവിചാരകത്വത്തിന് ഇണങ്ങുന്നതാണ്.
35. പുരോഹിതൻ എന്ന പദം പേർഷ്യൻസംസ്കാരത്തിൽനിന്നും വന്നതാണ്.

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക (36-40)** 10

36. മാർ സേവേറിയോസിന്റെ മാനീസായുടെ ഉള്ളടക്കമെന്ത്?
37. സുന്നഗോഗ് ആരാധനയുടെ സവിശേഷത എന്ത്?
38. ലുത്തിനിയകൾ എന്നാലെന്ത്?
39. പത്രോസിന്റെ രണ്ടാം ലേഖനത്തിൽ വേദവിപരീതത്തെപ്പറ്റി പറയുന്നത് എന്ത്?
40. വെളിപ്പാട് പുസ്തകത്തിന്റെ പ്രധാന സന്ദേശം എന്ത്?

**വാക്കുകളുടെ അർത്ഥം എഴുതുക (41-45)** 5

41. ഈൽശാദായ്
42. വൈദികൻ
43. ബോവൂസോ
44. എത്രോ
45. കാനോൻ

**ആശയത്തിലുള്ള വ്യത്യാസം എഴുതുക (46-50)** 10

46. വിമോചനം - വിമലീകരണം
47. കൂദോശ്ഈത്തോ - ഹൂദോശ്ഈത്തോ
48. തോറാ - തനാക്ക്
49. സപ്തതി - പ്ശീത്തോ
50. മസുമൂർ - പ്രൊമിയോൻ

**ഒരു പേജിൽ ഉത്തരം എഴുതുക (51)** 5

51. ത്രിത്വവിശ്വാസത്തിന്റെ വേദപുസ്തകാടിസ്ഥാനം സംഗ്രഹിക്കുക.

## Part B (ഉപപാഠഭാഗം)

**രണ്ടോ മൂന്നോ വാചകത്തിൽ എഴുതുക (52-56)** 10

52. പ. പരുമലതിരുമേനിയെ സഭ വിശുദ്ധനായി പ്രഖ്യാപിച്ചതെന്ന്? അന്നത്തെ മലങ്കര സഭാസുന്നഹദോസിന്റെ അദ്ധ്യക്ഷൻ ആര്?
53. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ആവശ്യമെന്തായിരുന്നു?
54. പ. പരുമലത്തിരുമേനിക്ക് സന്ന്യാസജീവിതത്തിന് മാതൃകയായ സന്ന്യാസവര്യനാര്? അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആപ്തവാക്യം എന്തായിരുന്നു?
55. കൊളംബോയാത്രയുടെ പ്രാധാന്യം എന്ത്?
56. സഭയുടെ വിശ്വാസം പഠിപ്പിക്കുന്നതിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ സംഭാവനകളെന്ത്?

**ഒരു പേജിൽ ഉത്തരമെഴുതുക (57-58)** 10

57. പരിശുദ്ധ പരുമലതിരുമേനിയുടെ ഊർശ്ലേംയാത്ര.
58. 'മലങ്കരസഭാ ഭാസുരൻ' എന്ന നാമത്തെ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതം എങ്ങനെ അന്വർത്ഥമാക്കുന്നു.

## Part C (പൊതുവായ ചോദ്യങ്ങൾ)

59. ദുഃഖവെള്ളിയാഴ്ച രാത്രിനമസ്കാരത്തിൽ എത്ര കൗമാകൾ ക്രമീകരിച്ചിട്ടുണ്ട്? ഏതെങ്കിലും ഒരു കൗമ എഴുതി അർത്ഥം വ്യക്തമാക്കുക. 5

**ഗീതം പൂർത്തിയാക്കി എഴുതിയശേഷം ചുവടെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക** 5

60. ക്രൂശിന്മേൽ തല ചായിച്ചോൻ - വലഭാഗത്തായ്

..........................................................................................

..........................................................................................

....................................സ്മരണം നിങ്ങൾക്കായ്

ഈ ഗീതത്തിന്റെ അർത്ഥം രണ്ടു വാചകത്തിൽ എഴുതുക

**വേദഭാഗം വായിച്ച് ഉത്തരം എഴുതുക (61–65)** 5

പ്രിയമുള്ളവരെ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചുപോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. മഹത്വത്തിന്റെ ആത്മാവായ ദൈവവാത്മാവ് നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ. നിങ്ങളിൽ ആരും കൊലപാതകനോ, കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്, പരകാര്യത്തിൽ ഇടപെടുന്നവനുമായിട്ടുമല്ല, ക്രിസ്ത്യാനി ആയിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്.

61. അഗ്നിശോധനകൾ സംഭവിക്കുന്നതെന്തിന്?
62. തേജസ്സിന്റെ പ്രത്യക്ഷത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
63. എന്തുകൊണ്ട് നാം സന്തോഷിക്കണം?
64. എങ്ങനെ നാം ഭാഗ്യവാന്മാരാകും?
65. 'ക്രിസ്ത്യാനി' എന്ന പേര് നമുക്ക് നൽകുന്ന ഉത്തരവാദിത്തം എന്ത്?